# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6654 | 09.11.2016 - ൽ മറുപടിയ്ക്ക് |
|---|---|

## നികുതി വെട്ടിപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. യു. ആർ. പ്രദീപ് | | ഡോ. ടി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) | അയൽ സംസ്ഥാനത്തു നിന്നും വരുന്ന പാസഞ്ചർ ട്രെയിൻ, ബസ്സുകൾ, സ്വകാര്യ കാറുകൾ എന്നീ യാത്രാ വാഹനങ്ങളിലൂടെ നികുതി വെട്ടിപ്പ നടത്തി സംസ്ഥാനത്തേക്ക് സാധനങ്ങൾ കൊണ്ടുവരുന്നുണ്ട് എന്ന മാദ്ധ്യമ വാർത്തകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം നികുതി വെട്ടിപ്പ് തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഇത്തരം നികുതി വെട്ടിപ്പ് തടയുന്നതിന് ട്രെയിൻ, റയിൽവെ സ്റ്റേഷൻ പരിസരം, പ്ലാറ്റ്ഫോം, പാഴ്സൽ ഓഫീസുകൾ, ബസ്സുകൾ, സ്വകാര്യ കാറുകൾ എന്നിവ നിരന്തരം പരിശോധിക്കുന്നുണ്ട്. കൂടാതെ അതിർത്തി ചെക്ക്പോസ്റ്റ് കടന്നു വരുന്ന സ്വകാര്യ യാത്രാ വാഹനങ്ങൾ ഉൾപ്പെടെയുള്ളവ ഓവർചെക്ക് ചെയ്യുകയും കർശന പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തുവരുന്നു. |

-2-

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം എത്ര കേസ്സുകൾ റെയിഡുകളിലൂടെയും മറ്റും പിടികൂടിയിട്ടുണ്ട്; ഇതിലൂടെ എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4848 കേസ്സുകൾ പിടികൂടുകയും അതിലൂടെ 4.86 കോടി രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ